(ബി) പദ്ധതിയുടെ സ്രോതസ്സായ ഭാരതപ്പുഴയിലെ കൂട്ടിലമുക്കിലുള്ള സംഭരണ കിണറിന്റേയും പമ്പ്ഹൗസിന്റേയും പണി പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖല 60% പണി പൂർത്തീകരിച്ചിട്ടുണ്ട്. 300 എം.എം.സി.ഐ. പമ്പിംഗ് മെയിനിന്റെ 1900 മീറ്റർ പൂർത്തീകരിച്ചിരിക്കുന്നു. ഒന്നും രണ്ടും വിതരണ മേഖലയിലേക്കുള്ള യഥാക്രമം 4.5 ലക്ഷം, 2.5 ലക്ഷം ലിറ്റർ ശേഷിയുള്ള സംഭരണികൾ നിലവിലുള്ളത് തന്നെയാണ് മൂന്നാംമേഖലയിലേക്കുള്ള 16.06 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഭൂതലസംഭരണിയുടേയും എസ്റ്റിമേറ്റ് സൂക്ഷ്മ പരിശോധനയിലാണ്. പദ്ധതിയുടെ 13 ദശലക്ഷം പ്രതിദിനശേഷിയുള്ള ശുദ്ധീകരണ ശാലയ്ക്ക് പ്രോജക്ട് റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്ന സ്ഥലം ലഭ്യമാകാതിരുന്നതിനാൽ പകരമുള്ള സ്ഥലം ഏറ്റെടുത്ത് അത്പ്രകാരമുള്ള പദ്ധതി ഘടകങ്ങളുടെ വ്യതിയാനത്തിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല. ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) നിശ്ചയിച്ചിട്ടുണ്ട്. 12/2005-ൽ പദ്ധതി കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

പട്ടാമ്പി ശുദ്ധജല പദ്ധതിയുടെ നിർമ്മാണം

95 (2373) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നിർമ്മാണം ആരംഭിച്ച പട്ടാമ്പി ശുദ്ധജല പദ്ധതി അടിയന്തരമായി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതി എന്നേയ്ക്ക് പൂർത്തിയാക്കാമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതി 2005 ഡിസംബർ മാസത്തിൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

എൽ.ഐ.സി. സഹായത്തോടെ നടപ്പിലാക്കുന്ന ശുദ്ധജല പദ്ധതി

96 (2374) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പുഴ, തച്ചംപാറ, കാരകുറിശ്ശി പഞ്ചായത്തുകളിൽ എൽ.ഐ.സി. സഹായത്തോടുകൂടി നടപ്പാക്കുന്ന ശുദ്ധജലപദ്ധതി ഇപ്പോൾ ഏതുഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly